# ദൈവികപരിശീലനങ്ങൾക്കു വിധേയപ്പെടുക

**സാക് പുന്നൻ**

WFTW Malayalam 22 January 2012

www.jeevamozhikal.org

ദൈവം തന്റെ ജനത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നു കരുതുമ്പോഴെല്ലാം അവിടുന്ന് ഏതെങ്കിലും ഒരു വ്യക്തിയിലൂടെയാണ് അതു തുടങ്ങുന്നത്. യിസ്രയേൽമക്കളെ മോചിപ്പിക്കുന്നതിനു മുമ്പ് അതിനു തക്ക ഒരാളെ കണ്ടെത്തേണ്ടിയിരുന്നു. മോശെയെ പരിശീലിപ്പിക്കുവാൻ 80 വർഷമെടുത്തു. അത് കേവലം അറിവു നൽകുക എന്നതു മാത്രമായിരുന്നില്ല. ഈജിപ്റ്റിലെ ഏറ്റവും മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പരിശീലനം നേടിയവനായിരുന്നു മോശെ. എന്നാൽ ദൈവവേലയ്ക്ക് അത് അവനെ യോഗ്യനാക്കിയില്ല. അപ്പൊസ്തലപ്രവൃത്തി ഏഴാം അദ്ധ്യായത്തിൽ സ്തെഫാനോസ് പറയുന്നത് 'മോശെ വാക്കിലും പ്രവൃത്തിയിലും ശാന്തനായിരുന്നു' എന്നാണ്. അവൻ വളരെ ശക്തനും നാൽപതാം വയസ്സിൽത്തന്നെ നല്ലൊരു പ്രഭാഷകനും ആയിരുന്നു. അവനൊരു സൈനികനേതാവും വളരെ ധനികനും, ലോകത്തിലെ അന്നത്തെ വൻശക്തിയായ ഈജിപ്റ്റിൽ ലഭിക്കാവുന്ന ഏറ്റവും ഉന്നതമായ വിദ്യാഭ്യാസം ലഭിച്ചവനും ആയിരുന്നു. ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും ദൈവവേലയ്ക്ക് അവൻ യോഗ്യനായിരുന്നില്ല. യിസ്രയേൽമക്കൾ തന്നെ നേതാവായി അംഗീകരിക്കുമെന്നു മോശെ കരുതിയിരുന്നുവെന്നാണ് സ്തെഫാനോസ് പറയുന്നത്. എന്നാൽ അവർ അവനെ നേതാവായി അംഗീകരിച്ചില്ല. ലോകപ്രകാരമുള്ള അവന്റെ പ്രശസ്തിയും കഴിവും ഒന്നുംതന്നെ ദൈവം അവനായി കരുതിയിരുന്ന വേലയ്ക്കായി അവനെ യോഗ്യനാക്കിയില്ല.

ഇന്നു പല ക്രിസ്ത്യാനികളും കരുതുന്നത് വേദപുസ്തകപരിജ്ഞാനവും സംഗീതവൈഭവവും ധാരാളം പണവും ഉണ്ടെങ്കിൽ ദൈവവേല ചെയ്യാമെന്നാണ്. എന്നാൽ അവർക്കു തെറ്റിയിരിക്കുന്നു. അവർ മോശെയുടെ ജീവിതത്തിൽ നിന്നാണ് പഠിക്കേണ്ടത്. 40 വർഷം ഈ ലോകത്തിനു നൽകാവുന്ന ഏറ്റവും മികച്ച കാര്യങ്ങൾ കൊണ്ട് അവനെ ദൈവവേലയ്ക്ക് ഒരുക്കുവാൻ കഴിഞ്ഞില്ല.

മോശെയെ സജ്ജനാക്കുന്നതിനു ദൈവത്തിന് അവനെ വീണ്ടും ഒരു 40 വർഷം കൊട്ടാരഅന്തരീക്ഷത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ മരുഭൂമിയിൽക്കൂടെ നടത്തേണ്ടതുണ്ടായിരുന്നു. നീണ്ട 40 വർഷം അമ്മായിയപ്പനോടുകൂടെ ആടുകളെ മേയിച്ചു കഴിയുവാൻ അനുവദിച്ചുകൊണ്ടാണ് ദൈവം ഈ കാര്യം സാധിച്ചത്. അമ്മായിയപ്പനോടുകൂടെ ഒരു വർഷം താമസിക്കുക എന്നതുതന്നെ ഒരു പുരുഷനെ സംബന്ധിച്ചിടത്തോളം വളരെ അപമാനകരമായ ഒരു കാര്യമാണ്. ഇന്ത്യയിൽ പല സ്ത്രീകളും വിവാഹശേഷം അവരുടെ ഭർത്താവിന്റെ ഭവനത്തിലാണ് കഴിയുന്നതെന്നെനിക്കറിയാം. എന്നാൽ ഒരു പുരുഷൻ അവന്റെ ഭാര്യാപിതാവിനോടൊപ്പം താമസിച്ച് അയാൾക്കുവേണ്ടി വേല ചെയ്യുക എന്നത് തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ്. ഒരു പുരുഷന് അത് അവനെ എളിയവനാക്കുന്ന അനുഭവമാണ്. എന്നാൽ അങ്ങനെയാണ് ദൈവം മോശെയെ നുറുക്കിയത്. യാക്കോബിനെയും ദൈവം നുറുക്കിയത് അങ്ങനെയാണ്. അവന് അമ്മാവിയപ്പനോടുകൂടെ 20 വർഷം ജീവിക്കേണ്ടി വന്നു. ദൈവം തന്റെ മക്കളെ നുറുക്കത്തിലേക്കു നടത്തുവാൻ അമ്മായിയപ്പന്മാരെയും അമ്മായിയമ്മമാരെയും ഉപയോഗിക്കുന്നു.

ഈജിപ്റ്റിലെ സർവകലാശാലകൾക്കൊന്നും പഠിപ്പിക്കുവാൻ കഴിയാതിരുന്ന കാര്യങ്ങൾ മരുഭൂമിയിൽ അമ്മായിയപ്പന്റെ ആടുകളെ മേയിക്കുന്നതിലൂടെ മോശെ പഠിച്ചു. 40 വർഷങ്ങൾക്കുശേഷം ഒരിക്കൽ വാക്ചാതുര്യമുള്ളവനും യിസ്രയേലിനെ മോചിപ്പിക്കുവാൻ കഴിവുള്ളവനുമെന്നു സ്വയം ചിന്തിച്ചവനുമായ മോശെ ഇങ്ങനെ പറയുവാൻ തക്കവണ്ണം നുറുക്കപ്പെട്ടു. "കർത്താവേ, ഞാൻ യോഗ്യനല്ല, നന്നായി സംസാരിക്കുവാൻ എനിക്കു കഴിയുകയില്ല, അവിടുത്തെ ജനത്തെ നയിക്കാൻ മറ്റാരെയെങ്കിലും അയക്കേണമേ." അപ്പോഴാണ് ദൈവം പറഞ്ഞത് "നീ ഇപ്പോൾ തയ്യാറായിരിക്കുന്നു, നിന്നെ ഞാൻ ഫറവോന്റെ അടുക്കലേക്ക് അയ

യ്ക്കും."(പുറ.4:10-13).

യാക്കോബിന്റെയും മോശെയുടെയും ജീവിതത്തിൽനിന്നു നാം പഠിക്കുന്ന പാഠമെന്താണ്? ഇത്ര മാത്രം 'നിങ്ങൾ തയ്യാറാണ് എന്നു ചിന്തിക്കുമ്പോൾ അത് അങ്ങനെയല്ല.' നിങ്ങൾ പ്രാപ്തനും ശക്തനും അറിവുള്ളവനും നന്നായി സംസാരിക്കാൻ കഴിവുള്ളവനും സംഗീതഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ളവനും അങ്ങനെ പല കാര്യങ്ങൾ ദൈവത്തിനുവേണ്ടി ചെയ്യാൻ കഴിയുമെന്നു ചിന്തിക്കുമ്പോൾ ദൈവം പറയുന്നു 'നീ യോഗ്യനല്ല, നീ നുറുക്കപ്പെടുന്നതുവരെ ഞാൻ കാത്തിരിക്കണം.' യാക്കോബിന്റെ കാര്യത്തിൽ ആ പ്രക്രിയ നടക്കുവാൻ 20 വർഷമെടുത്തു. മോശെക്കു 40 വർഷവും പത്രോസിനും പൗലൊസിനും കുറഞ്ഞത് 3 വർഷം വീതവും എടുത്തു.നമുക്കോരോരുത്തർക്കും എത്രനാൾ എടുക്കും? നാം എത്രവേഗം ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിക്കും എന്നതിനനുസരിച്ചായിരിക്കും ആ കാര്യം.

ഒന്നാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിച്ചു ജയിക്കാൻ എത്ര വർഷം വേണം? 12 വർഷം? അതെ എല്ലാ വർഷവും ജയിച്ചാൽ 12 വർഷം. എന്നാൽ പന്ത്രണ്ടാം ക്ലാസ്സു ജയിക്കാൻ 16 വർഷം എടുത്തവരെ എനിക്കറിയാം. 5 വർഷത്തെ വൈദ്യശാസ്ത്രബിരുദമെടുക്കുവാൻ 15 വർഷമെടുത്തവരെ എനിക്കറിയാം. ഒരുവൻ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കുവാൻ എത്ര വർഷമെടുക്കുമെന്നു തീരുമാനിക്കുന്നത് അയാൾ എത്രവേഗം പാഠങ്ങൾ പഠിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ക്രിസ്തീയജീവിതവും അങ്ങനെ തന്നെയാണ്.

മൊഴിമാറ്റം: സാജു ജോസഫ്